ഉത്തരം

(എ&ബി) ഉണ്ട്. വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട സന്ദർശനാനുഭവം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി, സംസ്ഥാനത്തെ പ്രധാനപ്പെട്ട പാതയോരങ്ങളിൽ അന്തർ ദേശീയ നിലവാരത്തിലുള്ള ടോയ്‌ലറ്റുകൾ, കോഫീ ഷോപ്പ്, പാർക്കിംഗ് ഏരിയ, സുവനീർ ഷോപ്പുകൾ, ക്ലോക്ക് റൂമുകൾ മുതലായവ അടങ്ങിയ യൂണിറ്റുകൾ സ്ഥാപിക്കുക എന്നതാണ് ടേക്ക് എ ബ്രേക്ക് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

ടേക്ക് എ ബ്രേക്ക് പദ്ധതി

310 (1008) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാതയോരങ്ങളിൽ വിശ്രമ കേന്ദ്രമൊരുക്കുന്ന 'ടേക്ക് എ ബ്രേക്ക്' പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. നിലവിൽ തിരുവനന്തപുരം ജില്ലയിലെ ശംഖുംമുഖത്ത് നടപ്പിലാക്കി വരുന്നു. ഇത് അന്തിമ ഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതി സർക്കാരിന്റെ വിവിധ വകുപ്പുകളുടെ അധീനതയിൽ പാതയോരങ്ങളിലുള്ള ഭൂമിയിൽ നടപ്പിലാക്കുന്നതിനാൽ ബന്ധപ്പെട്ട വകുപ്പുകളുടെ Permissive Sanction ആവശ്യമാണ്. അതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(സി) പദ്ധതി നടപ്പിലാക്കുന്ന സ്ഥലങ്ങളിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളും ഉൾപ്പെടും.

(ഡി) ഡി.റ്റി.പി.സി.-കളെ ചുമതലപ്പെടുത്തി പദ്ധതി സുഗമമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly